# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 127* 11.08.2017-ൽ മറുപടിക്ക്

## തുറമുഖ മേഖലയിൽ പരമ്പരാഗത മണൽ വാരൽ നയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ,<br>ശ്രീ. പി.ടി. തോമസ്,<br>ശ്രീ. വി.ഡി.സതീശൻ,<br>ശ്രീ. ഹൈബി ഈഡൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | തുറമുഖമേഖലയിൽ പരമ്പരാഗത മണൽവാരൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 09/2/2017 ലെ സ.ഉ.(കൈ) നം. 2/2017/മത്സ്യ ഉത്തരവിലൂടെ പ്രഖ്യാപിച്ച പുതിയ നയം പ്രകാരം സഹകരണ സംഘങ്ങൾക്കു പകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് മാന്വൽ ഡ്രഡ്ജിംഗിനുള്ള അധികാരം നൽകിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകുക വഴി ഈ പ്രവൃത്തി കൂടുതൽ സുതാര്യമായും കാര്യക്ഷമമായും ഉത്തരവാദിത്വത്തോടെയും ചെയ്യാൻ സാധിക്കുന്നതാണ്. |
| ബി) | സംസ്ഥാനത്ത് ആവശ്യമായ മണൽ ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | തുറമുഖ ചാനലുകളിൽ ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് വിഘാതം സൃഷ്ടിക്കുന്ന പദാർത്ഥങ്ങളെ നീക്കം ചെയ്യലാണ് ഡ്രഡ്ജിംഗ് എന്നതുകൊണ്ട് അടിസ്ഥാനപരമായി വിവക്ഷിക്കുന്നത്. തുറമുഖ പരിധിയിലെ തദ്ദേശ വാസികളായ മണൽ വാരൽ തൊഴിലാളികളെ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനാണ് നയം വിഭാവനം ചെയ്തിരിക്കുന്നത്. ഡ്രഡ്ജ് ചെയ്ത് മാറ്റേണ്ടുന്ന പദാർത്ഥങ്ങളുടെ അളവ് അതത് പോർട്ട് കൺസർവേറ്റർമാർ നിശ്ചയിക്കുകയും ഇത്തരത്തിൽ ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള വില അടിസ്ഥാനമാക്കി തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം നടത്തുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | നയം പ്രാവർത്തികമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) | 09/2/2017 ലെ സ.ഉ.(കൈ) നം. 2/2017/മതുവ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതത് തുറമുഖ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശീയരായ മണൽ വാരൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഴീക്കൽ, വടകര, പൊന്നാനി എന്നീ തുറമുഖങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മറ്റ് തുറമുഖങ്ങളിലും മാന്വൽ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**